(എഫ്) പ്രസ്തുത കേസുകൾ ആവർത്തിക്കാതിരിക്കാനും കേസിന്റെ അന്വേഷണം ഊർജ്ജിതമാക്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയട്ടുണ്ട്.

(ജി) 55 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 50 കേസുകളിലെ പ്രതികളെ അറസ്റ്റുചെയ്തു. 5 കേസിലെ പ്രതികളെ അറസ്റ്റു ചെയ്യുവാനുണ്ട്. കേസുകളൊന്നും ഒത്തുതീർപ്പാക്കിയിട്ടില്ല. 50 കേസുകൾ ചാർജ്ജ് ചെയ്തിട്ടുണ്ട്.

ചേർപ്പ് പോലീസ് സ്റ്റേഷൻ അതിർത്തിയിലെ കുറ്റകൃത്യങ്ങൾ

40 (792) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർപ്പ് പോലീസ് സ്റ്റേഷനതിർത്തിയിൽ 2001 മേയ് മുതൽ 2003 മേയ് 31 വരെ പിടിച്ചുപറി, മോഷണം, മാലപൊട്ടിക്കൽ, ഭവനഭേദനം, തട്ടിക്കൊണ്ടു പോകൽ എന്നിവ സംബന്ധിച്ച എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ എത്ര കേസുകളിലെ പ്രതികളെ ശക്ഷിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) 2003 മേയ് മാസത്തിൽ മാത്രം ചേർപ്പ് പോലീസ് സ്റ്റേഷനതിർത്തിയിൽ രജിസ്റ്റർ ചെയ്ത കേസുകൾ എത്ര ;

(ഡി) ചേർപ്പ് പോലീസ് സ്റ്റേഷനിൽ പോലീസുകാരുടെ എത്ര തസ്തികകൾ ഉണ്ടെന്നും എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുവെന്നും വ്യക്തമാക്കുമോ ;

(ഇ) ചേർപ്പ് പോലീസ് സ്റ്റേഷനിൽ എസ്.ഐ.സി.ഐ. തസ്തികയിൽ കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ എത്ര പേരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(എഫ്) ജനങ്ങളുടെ സമാധാനവും സൈരജീവിതവും ഉറപ്പുവരുത്തുന്നതിന് പ്രസ്തുത മേഖലയിൽ പോലീസ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) പിടിച്ചുപറി - ഇല്ല
മോഷണം - 23
മാലപൊട്ടിക്കൽ - 4
ഭവനഭേദനം - 29
തട്ടിക്കൊണ്ടുപോകൽ - 3

(ബി) ആരേയും ശിക്ഷിച്ചിട്ടില്ല.

(സി) 44 കേസുകൾ.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അനുവദിക്കപ്പെട്ട പോലീസുകാരുടെ എണ്ണം എച്ച്.സി. 6, പി.സി.24 തസ്തികകൾ ഒന്നും ഒഴിഞ്ഞു കിടപ്പില്ല.

(ഇ) എസ്. ഐ. - 4

സി. ഐ. - 4

(എഫ്) സ്റ്റേഷനതിർത്തിയിൽ ദിവസവും 2 ബീറ്റ് നൈറ്റ് പട്രോൾ നിയോഗിച്ചും കൂടാതെ രാത്രി കാലങ്ങളിൽ സർക്കിൾ ഇൻസ്പെക്ടർ, സബ് ഇൻസ്പെക്ടർ എന്നിവരുടെ നേതൃത്വത്തിൽ സ്റ്റേഷൻ ജീപ്പിൽ തുടർച്ചയായി പട്രോളിംഗ് നടത്തിവരുന്നുണ്ട്. കൂടാതെ ജില്ലയിലെ മറ്റ് സ്റ്റേഷനുകളിലുള്ള ക്രൈം സ്കാഡുമായി ബന്ധപ്പെട്ട് കുറ്റവാളികളെ കുറിച്ചുള്ള വിവരങ്ങൾ കൈമാറി നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ സ്റ്റേഷനതിർത്തിയിലുള്ള മുൻ ശിക്ഷക്കാരേയും കെ.ഡി.സി.സി. എന്നിവരുടെ ഇപ്പോഴത്തെ പ്രവർത്തനങ്ങളും നിരീക്ഷിച്ചുവരുന്നുണ്ട്.

പറണ്ടോട് പ്രതിഭയും മക്കളും മരിക്കാനിടയായ സംഭവത്തെക്കുറിച്ച് അന്വേഷണം

41 (793) ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ പറണ്ടോട് ഭാസ്ക്കര വിലാസത്തിൽ സുനീഷിന്റെ ഭാര്യ പ്രതിഭയും മക്കളും മരിക്കാനിടയാക്കിയതിനെപ്പറ്റി അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(സി) ഈ സംഭവത്തിൽ അന്വേഷണം ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിരുന്നോ ; എങ്കിൽ ഇതിന്മേൽ എന്തുനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആര്യനാട് പോലീസ് സ്റ്റേഷനിൽ ഐപിസി 302, സി ആർ. പി സി 174 എന്നീ വകുപ്പുകൾ പ്രകാരം 116/03 ക്രൈം നമ്പരായി രജിസ്റ്റർ ചെയ്ത കേസിൽ മരണപ്പെട്ട ശാരദ മകൾ 32 വയസ്സുള്ള മോളി എന്നു വിളിയ്ക്കുന്ന പ്രതിഭ തന്റെ മക്കളായ 3 വയസ്സുള്ള ലക്ഷ്മി എന്നു വിളിക്കുന്ന സുമി, 9 വയസ്സുള്ള സുബി എന്നിവരെ കെട്ടിത്തൂക്കി കൊലപ്പെടുത്തിയശേഷം പ്രതിഭ ആത്മഹത്യ ചെയ്തിട്ടുള്ളതാകുന്നു. സുബി എന്ന 9 വയസ്സുള്ള പ്രതിഭയുടെ മകളെ ആരെങ്കിലും ലൈംഗിക അതിക്രമത്തിന് വിധേയമാക്കാൻ ശ്രമിച്ചത് അറിഞ്ഞതുമൂലം പെട്ടെന്നുണ്ടായ പ്രകോപനത്താൽ തന്റെ കുട്ടികളെയും കൊലപ്പെടുത്തി ടി യാൾ ആത്മഹത്യ ചെയ്തതാണോ എന്നറിയാൻ കൂടുതൽ അന്വേഷണം നടത്തിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly